## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 216 — 17/08/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷക സഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിൽക്ക്ഷെഡ് വികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഉല്പാദനശേഷി കൂടിയ ഉരുക്കളെ വാങ്ങാനായി എന്തെല്ലാം സഹായം നൽകി വരുന്നുണ്ട്; | (എ) സംസ്ഥാനത്തെ പാൽ ഉൽപാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ഉദ്ദേശത്തോടുകൂടി കൂടുതൽ കറവപശുക്കളെ ക്ഷീര മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും ശാസ്ത്രീയമായ കാലിവളർത്തൽ രീതികൾ അവലംബിക്കുന്നതിനും ഈ മേഖലയിലെ ആധുനികവത്കരണം എന്നിവ ലക്ഷ്യമിട്ടാണ് എം.എസ്.ഡി.പി.പദ്ധതി (മിൽക്ക് ഷെഡ് വികസന പദ്ധതി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയിലൂടെ ഉൽപാദനശേഷി കൂടിയ ഉരുക്കളെ വാങ്ങുന്നതോടൊപ്പം പശുവളർത്തൽ ആധുനികവത്കരിക്കത്തക്ക തരത്തിലുള്ള നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായങ്ങൾ കൂടി നൽകി വരുന്നുണ്ട്. |
| (ബി) വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഏജന്റുമാരുടെ സഹായത്തോടെ തമിഴ് നാട്ടിൽ നിന്ന് കൂടിയ വിലയ്ക്ക് പശുക്കളെ വാങ്ങാൻ കർഷകരെ നിർബന്ധിതരാക്കുന്നു എന്ന വാർത്തയുടെ | (ബി) മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി) പ്രകാരമുള്ള കറവപശുക്കളെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ് |

നിജസ്ഥിതിയെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ;

നാട് എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. ഇതിനായി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർമാർ, ഡയറി ഫാം ഇൻസ്പെക്ടർമാർ, ക്ഷീരസംഘം പ്രതിനിധി, ഉണഭോക്താക്കളുടെ പ്രതിനിധികൾ ഒരു മൃഗ ഡോക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയാണ് കറവപശുക്കളെ അയൽ സംസ്ഥാനത്തു നിന്ന് വാങ്ങുന്നത്. ഏജന്റുമാരിൽ നിന്നും പശുക്കളെ വാങ്ങാൻ നിർബന്ധിക്കുന്നു എന്ന വാർത്ത സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ടി വാർത്ത ശരിയല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

(സി) ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം നാടൻ പശു ഇനങ്ങളെ സംരക്ഷിക്കാനും അവയുടെ വ്യാപനത്തിനും നടപടിയുണ്ടാകുമോ;

(സി) നിലവിൽ സംസ്ഥാനത്ത് പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, ഉല്പാദന ക്ഷമത കൂടിയ സങ്കരയിനം പശുക്കളെയാണ് ക്ഷീരവികസനവകുപ്പിന്റെ പദ്ധതികൾ വഴി കർഷകർക്ക് നൽകി വരുന്നത്.

ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം നാടൻ പശു ഇനങ്ങളെ സംരക്ഷിക്കാനും അവയുടെ വ്യാപനത്തിനും മൃഗസംരക്ഷണ വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- കെ.എൽ.ഡി ബോർഡ് (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്) നല്ല ഇനത്തിലുള്ള തനത് നാടൻ കാളകളുടെ ബീജം ഉല്പാദിപ്പിച്ച് വിവിധ മൃഗാശുപത്രികൾ വഴി വിതരണം ചെയ്ത് വരുന്നു. കെ.എൽ.ഡി. ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള

ഫാമിൽ നാടൻ കാളകളുടെ ബീജം ശേഖരിച്ച് സൂക്ഷിക്കുന്നു.
കേരളത്തിലെ പ്രധാന നാടൻ പശുയിനങ്ങളായ വെച്ചൂർ പശു,കാസർകോട് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി കേന്ദ്രം കുടപ്പനക്കുന്ന്, ജെഴ്സി ഫാം വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചു വരുന്നു.വടക്കൻ കേരളത്തിലെ നാടൻ പശുവായ 'കാസർകോട് ഡ്വാർഫ്' എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർകോട് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തി വരുന്നു.

- വെച്ചൂർ, കാസർകോട് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒറ്റത്തവണ ധന സഹായമായി 10,000 രൂപ വിവിധ പദ്ധതികളായി കെ.എൽ.ഡി. ബോർഡ് നൽകി വരുന്നു.

- വെച്ചൂർ, കാസർകോട് കുള്ളൻ എന്നിവയെ സംരക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപെട്ട പശുക്കളേയും

കന്നുക്കുട്ടികളേയും പരിപാലിച്ചു പോരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഉല്പാദനക്ഷമത കൂട്ടുന്നതിനോടൊപ്പം കർഷകരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന നവീന സംവിധാനങ്ങൾ എന്തെല്ലാമാണ്; | (ഡി) | ഫാമുകളുടെ യന്ത്രവത്കരണത്തിനായി ധനസഹായം നൽകുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കറവ യന്ത്രങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്. കൂടാതെ തൊഴുത്ത് കഴുകുന്നതിനും മറ്റുമായി പ്രഷർ വാഷർ, ചാഫ് കട്ടർ (പുല്ലരിയൽ യന്ത്രം), സ്ലറി പമ്പ്, ഓട്ടോമാറ്റിക് ഡ്രിംഗിംങ് ബൗൾ മുതലായ ആധുനിക തൊഴുത്തിലേയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചുവരുന്നു.<br><br>കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.അഞ്ചിനുമേൽ പശുക്കളുള്ള സംസ്ഥാനത്തെ 184 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.കറവയന്ത്രം സ്ഥാപിക്കുന്നതിനു വേണ്ടി ഒരാൾക്ക് 25000/-രൂപയുടെ ധനസഹായം നൽകി വരുന്നുണ്ട്. |
| (ഇ) | ഡയറി സോൺ രൂപീകരിക്കാനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | ഡയറി സോൺ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 50 തെരഞ്ഞെടുത്ത ബ്ലോക്ക് പ്രദേശങ്ങളിൽ ഡയറി സോൺ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.